12. സഹകരണവകുപ്പ് രജിസ്ട്രാർ, തിരുവനന്തപുരം.
13. ഡോ. രവിരാമൻ, കാർഷികകോളേജ്, വെള്ളായണി, തിരുവനന്തപുരം.
14. ശ്രീ. പി.വി. അലക്സാണ്ടർ, സെന്റ് മേരീസ് ഓയിൽ മിൽസ്, ആലപ്പുഴ.
15. ഡയറക്ടർ, റീജിയണൽ റിസർച്ച് ലാബറട്ടറി, തിരുവനന്തപുരം.
16. ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം.
17. ശ്രീ. പി. അബ്ദുൾഹമീദ്, പ്രസിഡന്റ്.
കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ,
ഗാന്ധിറോഡ്, കോഴിക്കോട്.
18. ശ്രീ. എ.സി. മാത്യു, എടയാടി.
19. ശ്രീ. എം. അരവിന്ദാക്ഷൻ, മുൻചെയർമാൻ, നാളികേര
വികസനബോർഡ്.
20. കാനറാ ബാങ്കിന്റെ പ്രതിനിധി
21. പ്രോഗ്രാം ഡയറക്ടർ, കെ.എച്ച്.ഡി.പി.
22. കേര കർഷക സംഘം ഉൾപ്പെടെയുള്ള
കർഷക സംഘടനകളുടെ പ്രതിനിധികൾ

(ഡി) കൗൺസിലിന്റെ ആദ്യയോഗം 22.6.2000-ൽ കൂടി. എല്ലാ മാസവും യോഗം കൂടാൻ തീരുമാനിക്കുകയും ചെയ്തു. നാളികേര കൃഷിയുടെ സമഗ്രമായ വികസനത്തിനും നാളികേര ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണവും സംബന്ധിച്ച് കർഷകരിൽനിന്നും നാളികേരം ശേഖരിച്ച് കൊപ്രയാക്കി മാറ്റുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനും വെളിച്ചെണ്ണയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള വിശദാംശങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നാളികേര വികസന ബോർഡിന്റെ മുൻ ചെയർമാൻ അധ്യക്ഷനായും കൃഷി ഡയറക്ടർ കൺവീനറായും ഒരു സബ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

വംശനാശഭീഷണി നേരിടുന്ന വന്യജീവികൾ

20 (*230) ശ്രീ. എം.എ. തോമസ് :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി ദേശീയ പാർക്കുകളിൽ വംശനാശഭീഷണി നേരിടുന്ന വന്യമൃഗങ്ങളെ സംബന്ധിച്ച് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർവ്വേയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് എത്ര വന്യജീവി ദേശീയ പാർക്കുകളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ; അവ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇടുക്കിയിലെ ഇരവികളും ദേശീയ പാർക്കിലെ വരയാടുകൾ വംശനാശഭീഷണി നേരിടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ഇ) എങ്കിൽ ഇതിനുള്ള കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇരവികുളം ദേശീയപാർക്കിൽ വരയാടുകൾക്ക് കൂടുതൽ ആവാസ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനും പരിരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) 1997-ൽ സൈലന്റ് വാലി ദേശീയ ഉദ്യാനത്തിൽ സെൻസസ് അനുസരിച്ച് പ്രധാനമായും 61 സിംഹവാലൻ കുരങ്ങുകളും 12 ആനകളും 3 കടുവകളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇപ്പോൾ 2 ദേശീയോദ്യാനങ്ങൾ ഉണ്ട്. അവ ഇരവികുളം ദേശീയോദ്യാനവും സൈലന്റ് വാലി ദേശീയോദ്യാനവുമാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) (ഡി)യുടെ ഇത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) സ്വാഭാവിക ആവാസവ്യവസ്ഥയിൽത്തന്നെ വരയാടുകൾ ഇരവികുളം ദേശീയോദ്യാനത്തിൽ സംരക്ഷിക്കപ്പെടുന്നുണ്ട്. കാട്ടുതീയിൽനിന്നും ബാഹ്യമായ ഇടപെടലുകളിൽനിന്നും ഇതര വിനാശകരമായ ഘടകങ്ങളിൽനിന്നുമുള്ള പരിരക്ഷ നൽകിവരുന്നുണ്ട്.

ട്രഷറി കമ്പ്യൂട്ടറൈസേഷൻ

21 (*231)ശ്രീ. ടി.കെ.ബാലൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറി കമ്പ്യൂട്ടറൈസേഷനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ട്രഷറി നെറ്റ്വർക്ക് സംബന്ധമായി പഠനം നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള വിദഗ്ധ സമിതി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സമിതിയുടെ ശുപാർശകൾ എന്തൊക്കെയാണ്;

(ഡി) ഈ ശുപാർശകൾ നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

LIBRARY ARCHIVES Kerala Legislative Assembly